പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1329

10.08.2017-ൽ മറുപടിയ്ക്ക്

## ആലപ്പുഴ ജില്ലയിലെ തീരദേശമേഖലയിലെ ജനങ്ങളുടെ ദുരിതങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എ.കെ. ശശീന്ദ്രൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ ഉൾപ്പെടുന്ന വണ്ടാനം മുതൽ പുറക്കാട് വരെയുള്ള തീരദേശ മേഖലയിലെ ജനങ്ങൾ കടൽ ക്ഷോഭം മൂലം ദുരിതമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ദുരിതാശ്വാസ ക്യാമ്പുകളിലും റെയിൽവേ പുറമ്പോക്കിലും കഴിയുന്ന ദുരിതബാധിതരെ പുനരധിവസിപ്പിക്കുവാൻ എന്തെല്ലാം ത്വരിത നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്ത് കടൽക്ഷോഭം മൂലം വീടും സ്ഥലവും നഷ്ടപ്പെട്ട 248 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനായി 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയ്ക്ക് 2016-17 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ 36 മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് ധനസഹായത്തിന് പ രിഗണിച്ചിട്ടുള്ളത്. ഇവർ അമ്പലപ്പുഴ താലൂക്കിൽ ഉൾപ്പെടുന്നവരാണ്. 36 അപേക്ഷകരും വാസയോഗ്യമായ 3 സെന്റ് സ്ഥലം വീതം സ്വന്തമായി കണ്ടുപിടിച്ചിട്ടുണ്ട്. ടി സ്ഥലം വാസയോഗ്യമാണെന്ന് ജില്ലാതല ടീം സന്ദർശിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ടി സ്ഥലത്തിന്റെ ഉടമകളിൽ നിന്നും പ്രമാണവും മറ്റും ബന്ധപ്പെട്ട രേഖകളും ശേഖരിച്ച് ഗുണഭോക്താക്കൾ ഗവൺമെന്റ് പ്ലീഡറിൽ നിന്നും സൂക്ഷ്മ പ രിശോധനാ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. ടി സ്ഥലത്തിന്റെ വില നിർണ്ണയിക്കുന്നതിന് തഹസീൽദാർക്ക് നിർദ്ദേശം നൽകുകയും സ്ഥലം രജിസ്റ്റർ ചെയ്യുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിച്ച് വരികയുമാണ്.<br><br>ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സൗകര്യത്തിനായി 2-3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയ്ക്ക് 2016-17 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിരുന്നു. സംസ്ഥാനത്ത് ആകെ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് പദ്ധതി പ്രയോജനം ലഭിയ്ക്കുന്നത്. ആലപ്പുഴ ജില്ലയിൽ 32 യൂണിറ്റുകളാണ് അനുവദിച്ചിട്ടുള്ളത്.<br><br>കടൽക്ഷോഭം രൂക്ഷമായതും തീരത്ത് |

| | | | |
|---|---|---|---|
| | | | നിന്നും 50 മീറ്റർ പരിധിയ്ക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ ബി.ഐ.എഫ് & എച്ച്.ഡി.എഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 750 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിന് 10 ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു. ആയത് പ്രകാരം ആലപ്പുഴ ജില്ലയ്ക്ക് 120 യൂണിറ്റുകളാണ് അനുവദിച്ചിട്ടുള്ളത്. പാർപ്പിട സൗകര്യത്തിനായി 2 മുതൽ 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപ വീതവും ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ വീതവുമാണ് ആനുകൂല്യമായി നൽകുന്നത്. 2017-18 ലെ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗുണഭോക്തൃ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ സ്വന്തമായി സ്ഥലം കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സ്ഥലം ഉടമയിൽ നിന്നും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ